## മധുരമായ കുട്ടികളെ – എല്ലാവരെയും ഈ സന്തോഷവാർത്ത കേൾപ്പിക്കൂ അതായത് ഇപ്പോൾ ദൈവീക രാജവംശം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്, എപ്പോൾ നിർവ്വികാരീ ലോകമാകുന്നുവോ അപ്പോൾ ബാക്കി എല്ലാം വിനാശമാകും

**ചോദ്യം:–** രാവണന്റെ ശാപം എപ്പോഴാണ് ലഭിക്കുന്നത്, ശാപിതരാകുന്നതിന്റെ അടയാളം എന്താണ്?
**ഉത്തരം:–** എപ്പോൾ നിങ്ങൾ ദേഹ-അഭിമാനിയാകുന്നുവോ അപ്പോൾ രാവണന്റെ ശാപം ലഭിക്കുന്നു. ശാപിതരായ ആത്മാക്കൾ ദരിദ്രരും വികാരിയുമായി തീരുന്നു, അധ:പതിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ബാബയിൽ നിന്ന് സമ്പത്തെടുക്കുന്നതിന് വേണ്ടി ദേഹീ-അഭിമാനിയാകണം. തന്റെ ദൃഷ്ടിയെയും വൃത്തിയെയും പാവനമാക്കണം.

**ഓം ശാന്തി**. ആത്മീയ അച്ഛനിരുന്ന് ആത്മീയ കുട്ടികൾക്ക് 84 ജന്മങ്ങളുടെ കഥ കേൾപ്പിക്കുന്നു. ഇത് മനസ്സിലാക്കുന്നുണ്ട് എല്ലാവരും 84 ജന്മങ്ങൾ എടുത്തിട്ടുണ്ടായിരിക്കില്ല. ആദിയിൽ സത്യയുഗത്തിൽ നിങ്ങൾ തന്നെയായിരുന്നു പൂജ്യ ദേവീ-ദേവതകളായിരുന്നത്. ഭാരതത്തിൽ ആദ്യം പൂജ്യ ദേവീ-ദേവതകളുടെ തന്നെ രാജ്യമായിരുന്നു. ലക്ഷ്മീ-നാരായണന്റെ രാജ്യമായിരുന്നു എങ്കിൽ തീർച്ചയായും രാജവംശമായിരിക്കും. രാജകുലത്തിന്റെ മിത്രങ്ങളും സംബന്ധികളും ഉണ്ടായിരിക്കും. പ്രജകളും ഉണ്ടായിരിക്കും. ഇത് ഒരു കഥ പോലെയാണ്. അയ്യായിരം വർഷങ്ങൾക്ക് മുൻപ് ഇവരുടെ രാജ്യമുണ്ടായിരുന്നു- ഇത് സ്മൃതിയിൽ കൊണ്ട് വരുന്നു. ഭാരതത്തിൽ ആദി സനാതന ദേവീ-ദേവതാ ധർമ്മത്തിന്റെ രാജ്യമുണ്ടായിരുന്നു. ഇത് പരിധിയില്ലാത്ത അച്ഛനിരുന്ന് മനസ്സിലാക്കി തരുന്നു, അവരെ തന്നെയാണ് സർവ്വജ്ഞനെന്ന് പറയുന്നത്. എന്തിന്റെ ജ്ഞാനമാണുള്ളത്? മനുഷ്യർ മനസ്സിലാക്കുന്നത് ഭഗവാൻ എല്ലാവരുടേയും ഉള്ളറിയുന്നവനും, കർമ്മ വികർമ്മത്തെ അറിയുന്നവനുമെന്നാണ്. എന്നാൽ ഇപ്പോൾ ബാബ മനസ്സിലാക്കി തരുന്നു- ഓരോ ആത്മാവിനും അവരവരുടെ വേഷം ലഭിച്ചിട്ടുണ്ട്. എല്ലാ ആത്മാക്കളും പരംധാമത്തിലാണ് വസിക്കുന്നത്. ആത്മാവിൽ എല്ലാ പാർട്ടും അടങ്ങിയിട്ടുണ്ട്. കർമ്മ ക്ഷേത്രത്തിൽ പോയി പാർട്ടഭിനയിക്കാൻ തയ്യാറായി ഇരിക്കുകയാണ്. ഇതും നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ ആത്മാക്കളാണ് എല്ലാം ചെയ്യുന്നത്. ആത്മാവാണ് പറയുന്നത് ഇത് കയ്പ്പാണ്, ഇത് ഉപ്പുള്ളതാണ്. ആത്മാവ് തന്നെയാണ് മനസ്സിലാക്കുന്നത്-നമ്മളിപ്പോൾ വികാരീ പാപാത്മാക്കളാണ്. ആസുരീയ സ്വഭാവമാണ്. ആത്മാവ് തന്നെയാണ് ഇവിടെ കർമ്മ ക്ഷേത്രത്തിൽ ശരീരമെടുത്ത് മുഴുവൻ പാർട്ടും അഭിനയിക്കുന്നത്. എങ്കിൽ ഇത് നിശ്ചയം വരുത്തേണ്ടേ! നമ്മൾ ആത്മാക്കൾ തന്നെയാണ് എല്ലാം ചെയ്യുന്നത്. ഇപ്പോൾ ബാബയുമായി കണ്ടുമുട്ടിയിരിക്കുന്നു വീണ്ടും അയ്യായിരം വർഷങ്ങൾക്ക് ശേഷം കണ്ടുമുട്ടും. പൂജ്യനും പൂജാരിയും, പതിതവും പാവനവുമായാണ് വന്നത് ഇതും മനസ്സിലാക്കുന്നുണ്ട്. പൂജ്യരായിരിക്കുമ്പോൾ ഒരു പതിതനും ഉണ്ടായിരിക്കുകയില്ല. എപ്പോഴാണോ പൂജാരികളുള്ളത് അപ്പോൾ പാവനമായ ഒരാളും ഉണ്ടായിരിക്കുകയില്ല. സത്യയുഗത്തിലുള്ളത് പാവനവും പൂജ്യരും മാത്രമാണ്. ദ്വാപരം മുതൽ  രാവണ രാജ്യം ആരംഭിക്കുന്നതോടെ എല്ലാവരും പതിതരും പൂജാരികളുമാകുന്നു. ശിവബാബ പറയുന്നു, നോക്കൂ ശങ്കരാചാര്യരും എന്റെ പൂജാരിയാണ്. എന്നെ പൂജിക്കുകയല്ലേ ചെയ്യുന്നത്. ശിവന്റെ ചിത്രം ചിലരുടെ കയ്യിൽ വജ്രത്തിന്റെ, ചിലരുടെ കയ്യിൽ സ്വർണ്ണത്തിന്റെ, ചിലരുടെ കയ്യിൽ വെള്ളിയുടേതായിരിക്കും. ഇപ്പോൾ ആരാണോ പൂജിക്കുന്നത്, ആ പൂജാരിയെ പൂജ്യനെന്ന് പറയാൻ സാധിക്കില്ല. മുഴുവൻ ലോകത്തിലും ഇപ്പോൾ പൂജ്യനായ ഒരാൾ പോലും ഉണ്ടായിരിക്കുക സാധ്യമല്ല. പൂജ്യരും പവവിത്രരുമായിരിക്കും പിന്നീട് അപവിത്രമാകുന്നു. പവിത്രമായവരുള്ളത് പുതിയ ലോകത്തിലാണ്. പവിത്രമായവരെ തന്നെയാണ് പൂജിക്കുന്നത്. കന്യക  പവിത്രമായിരിക്കുമ്പോൾ പൂജയ്ക്ക് യോഗ്യയാണ്, അപവിത്രമാകുമ്പോൾ പിന്നീട് എല്ലാവരുടെയും മുന്നിൽ തല കുനിക്കേണ്ടി വരുന്നു. പൂജയുടെ എത്ര സാമഗ്രികളാണുള്ളത്. പ്രദർശിനി, മ്യൂസിയം മുതലായവ എവിടെ തുറക്കുകയാണെങ്കിലും മുകളിൽ ത്രിമൂർത്തിയുടെ ചിത്രം തീർച്ചയായും വേണം. താഴെ ലക്ഷ്യമായ ഈ ലക്ഷ്മീ-നാരായണൻ. ഞങ്ങൾ ഈ പൂജ്യ ദേവീ-ദേവതാ ധർമ്മത്തിന്റെ സ്ഥാപനയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അവിടെ പിന്നീട് മറ്റൊരു ധർമ്മവും ഉണ്ടായിരിക്കില്ല. നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും, പ്രദർശിനിയിൽ പ്രഭാഷണമൊന്നും ചെയ്യാൻ സാധിക്കില്ല. മനസ്സിലാക്കി കൊടുക്കുന്നതിന് വേണ്ടി പിന്നീട് വേറെ ഏർപ്പാടുകൾ ഉണ്ടായിരിക്കണം. മുഖ്യമായ കാര്യം തന്നെ ഇതാണ് ഞങ്ങൾ ഭാരതവാസികളെ സന്തോഷ വാർത്ത കേൾപ്പിക്കുകയാണ്. ഞങ്ങൾ ഈ രാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഈ ദൈവീക രാജവംശം ഉണ്ടായിരുന്നു ഇപ്പോൾ ഇല്ല വീണ്ടും ഇതിന്റെ സ്ഥാപന ഉണ്ടാകുന്നു മറ്റെല്ലാം വിനാശം പ്രാപിക്കും. സത്യയുഗത്തിൽ എപ്പോഴാണോ ഈ ഒരു ധർമ്മമുണ്ടായിരുന്നത് അപ്പോൾ അനേക

ധർമ്മമുണ്ടായിരുന്നില്ല. ഇപ്പോൾ ഈ എല്ലാ ധർമ്മങ്ങളും ചേർന്ന് ഒന്നാകുക, അത് അസംഭവ്യമാണ്. അവർ വരുന്നത് തന്നെ ഒന്നിന് പിറകെ ഒന്നായാണ് അങ്ങനെ വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നു. ആദ്യത്തെ ആദി സനാതന ദേവീ-ദേവതാ ധർമ്മം പ്രായ ലോപമാണ്. ആർക്കും തന്നെ ഞാൻ ദേവീ-ദേവതാ ധർമ്മത്തിലേതാണെന്ന് പറയാൻ സാധിക്കില്ല. ഇതിനെ പറയുന്നത് തന്നെ വികാരീ ലോകമെന്നാണ്. നിങ്ങൾക്ക് പറയാൻ സാധിക്കും ഞങ്ങൾ താങ്കളെ സന്തോഷവാർത്ത കേൾപ്പിക്കാം-ശിവബാബ നിർവ്വികാരീ ലോകം സ്ഥാപിച്ചുകൊണ്ടി രിക്കുന്നു. നമ്മൾ പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങൾ ബ്രഹ്മാകുമാരനും- കുമാരികളുമല്ലേ. ആദ്യമാദ്യം നമ്മൾ സഹോദരൻമാരാണ് പിന്നീട് രചന നടക്കുമ്പോൾ തീർച്ചയായും സഹോദരിയും-സഹോദ രനുമാകും. എല്ലാവരും പറയുന്നുണ്ട് ബാബാ ഞങ്ങൾ അങ്ങയുടെ കുട്ടികളാണ് എങ്കിൽ സഹോദരിക്കും സഹോദരനും ക്രിമിനൽ ദൃഷ്ടി വയ്ക്കാൻ സാധിക്കില്ല. ഈ അന്തിമ ജന്മം പവിത്രമാകണം, അപ്പോൾ മാത്രമേ പവിത്ര ലോകത്തിന്റെ അധികാരിയാകാൻ സാധിക്കൂ. നിങ്ങൾക്കറിയാം ഗതി-സദ്ഗതി ദാതാവ് ഒരേഒരു ബാബ മാത്രമാണ്. പഴയ ലോകം മാറി വീണ്ടും പുതിയ ലോകം തീർച്ചയായും സ്ഥാപിക്കപ്പെടണം. അത് ഭഗവാൻ തന്നെയാണ് നിറവേറ്റുക. ഇപ്പോൾ ആ ഭഗവാൻ എങ്ങനെയാണ് പുതിയ ലോകം രചിക്കുന്നത്, ഇത് നിങ്ങൾ കുട്ടികൾക്ക് മാത്രമാണ് അറിയുന്നത്. ഇപ്പോൾ പഴയ ലോകവുമുണ്ട്, ഇത് അവസാനിച്ചിട്ടൊന്നുമില്ല. ചിത്രങ്ങളിലുമുണ്ട് ബ്രഹ്മാവിലൂടെ സ്ഥാപന. ഇദ്ദേഹത്തിന്റെ ഇത് വളരെ ജന്മങ്ങൾക്ക് ശേഷമുള്ള അന്തിമ ജന്മമാണ്. ബ്രഹ്മാവിന് പത്നിയില്ല, ബ്രഹ്മാവിന്റേത് ദത്തെടുക്കലാണ്. മനസ്സിലാക്കി കൊടുക്കാൻ വളരെ യുക്തി വേണം. ശിവബാബ ബ്രഹ്മാവിൽ പ്രവേശിച്ച് ഞങ്ങളെ സ്വന്തമാക്കുന്നു. ശരീരത്തിൽ പ്രവേശിക്കേണ്ടേ അപ്പോഴല്ലേ പറയുക- ഹേയ് ആത്മാക്കളേ, നിങ്ങൾ എന്റെ കുട്ടികളാണ്. ആത്മാക്കൾ സദാ ഉള്ളതാണ്, പിന്നീട് ബ്രഹ്മാവിലൂടെയാണ് സൃഷ്ടി രചിക്കുന്നതെങ്കിൽ തീർച്ചയായും ബ്രഹ്മാകുമാരനും-കുമാരിമാരും ഉണ്ടായിരിക്കില്ലേ, അപ്പോൾ സഹോദരിയും സഹോദരനുമായി. മറ്റ് ദൃഷ്ടി ഇല്ലാതാകുന്നു. ഞങ്ങൾ ശിവബാബയിൽ നിന്ന് പാവനമാകുന്നതിന്റെ സമ്പത്തെടുക്കുന്നു. രാവണനിൽ നിന്ന് നമുക്ക് ശാപമാണ് ലഭിക്കുന്നത്. ഇപ്പോൾ നമ്മൾ ദേഹീ-അഭിമാനി ആകുകയാണെങ്കിൽ ബാബയിൽ നിന്ന് സമ്പത്ത് ലഭിക്കുന്നു. ദേഹ-അഭിമാനിയാകുന്നതിലൂടെ രാവണന്റെ ശാപം ലഭിക്കുന്നു. ശാപം ലഭിക്കുന്നതിലൂടെ താഴേക്കിറങ്ങുന്നു. ഇപ്പോൾ ഭാരതം ശാപിതമല്ലേ. ഭാരതത്തെ ഇത്രയും ദരിദ്രവും വികാരിയുമാക്കി മാറ്റിയത് ആരാണ്? ആരുടേയോ ശാപമില്ലേ. ഇതാണ് രാവണനാകുന്ന മായയുടെ ശാപം. ഓരോ വർഷവും രാവണനെ കത്തിക്കുന്നുണ്ട് അപ്പോൾ തീർച്ചയായും ശത്രുവല്ലേ. ധർമ്മത്തിൽ തന്നെയാണ് ശക്തിയുള്ളത്. ഇപ്പോൾ നമ്മൾ ദേവതാ ധർമ്മത്തിന്റേതാകുന്നു. ബാബ പുതിയ ധർമ്മത്തിന്റെ സ്ഥാപന ചെയ്യാൻ നിമിത്തമാണ്. എത്ര ശക്തിയുള്ള ധർമ്മമാണ് സ്ഥാപിക്കുന്നത്. നമ്മൾ ബാബയിൽ നിന്ന് ശക്തി എടുക്കുന്നു, മുഴുവൻ വിശ്വത്തിലും വിജയിക്കുന്നു. ഓർമ്മയുടെ യാത്രയിലൂടെ തന്നെയാണ് ശക്തി ലഭിക്കുന്നത് ഒപ്പം വികർമ്മവും വിനാശമാകുന്നു. അതുകൊണ്ട് ഇതും ഒരു വാർത്ത എഴുതണം. ഞങ്ങൾ സന്തോഷ വാർത്ത കേൾപ്പിക്കുകയാണ്. ഇപ്പോൾ ഈ ധർമ്മത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ് അതിനെ തന്നെയാണ് ഹെവൻ, സ്വർഗ്ഗമെന്ന് പറയുന്നത്. ഇങ്ങനെ വലിയ-വലിയ അക്ഷരങ്ങളിൽ എഴുതൂ. ബാബ നിർദ്ദേശം നൽകുകയാണ്-ഏറ്റവും മുഖ്യമായുള്ളത് ഇതാണ്. ഇപ്പോൾ ആദി സനാതന ദേവീ-ദേവതാ ധർമ്മത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. പ്രജാപിതാ ബ്രഹ്മാവും ഇരിക്കുന്നുണ്ട്. നമ്മൾ പ്രജാപിതാ ബ്രഹ്മാകുമാർ-കുമാരിമാർ ശ്രീമതത്തിലൂടെ ഈ കാര്യം ചെയ്തു കൊണ്ടിരിക്കുന്നു. ബ്രഹ്മാവിന്റെ നിർദ്ദേശമല്ല, ശ്രീമത്ത് പരംപിതാ പരമാത്മാ ശിവന്റേത് മാത്രമാണ്, അവരാണ് എല്ലാവരുടെയും പിതാവ്. ബാബ തന്നെയാണ് ഒരു ധർമ്മത്തിന്റെ സ്ഥാപനയും, അനേക ധർമ്മങ്ങളുടെ വിനാശവും ചെയ്യുന്നത്. രാജയോഗം പഠിച്ച് ഇതാകുന്നു. ഞങ്ങളും ഇതായിക്കൊണ്ടിരിക്കുകയാണ്. ഞങ്ങൾ പരിധിയില്ലാത്ത സന്യാസം ചെയ്തിരിക്കുന്നു എന്തുകൊണ്ടെന്നാൽ അറിയാം-ഈ പഴയ ലോകം ഭസ്മമാകാനുള്ളതാണ്. പരിധിയുള്ള അച്ഛൻ പുതിയ വീടുണ്ടാക്കുമ്പോൾ പിന്നീട് പഴയതിൽ നിന്ന് മമത്വം ഇല്ലാതാകുന്നത് പോലെ. ബാബ പറയുന്നു ഈ പഴയ ലോകം ഇല്ലാതാകണം. ഇപ്പോൾ നിങ്ങൾക്കായി പുതിയ ലോകം സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ പഠിക്കുന്നത് തന്നെ-പുതിയ ലോകത്തേക്ക് വേണ്ടിയാണ്. അനേക ധർമ്മങ്ങളുടെ വിനാശവും ഒരു ധർമ്മത്തിന്റെ സ്ഥാപനയും സംഗമത്തിൽ തന്നെയാണ് ഉണ്ടാകുന്നത്. യുദ്ധം നടക്കും, പ്രകൃതി ദുരന്തങ്ങളും വരും. സത്യയുഗത്തിൽ ഇവരുടെ രാജ്യമായിരുന്നപ്പോൾ മറ്റ് ധർമ്മങ്ങളൊന്നും ഉണ്ടായിരുന്നില്ല. ബാക്കി എല്ലാവരും എവിടെയായിരുന്നു? ഈ ജ്ഞാനം ബുദ്ധിയിൽ വെയ്ക്കണം. ഈ ജ്ഞാനം ബുദ്ധിയിൽ വച്ചുകൊണ്ട് മറ്റ് കാര്യങ്ങളൊന്നും ചെയ്യാൻ സാധിക്കില്ല അങ്ങനെയില്ല, എത്ര ചിന്തയാണ് വെയ്ക്കാറുള്ളത്. കത്തെഴുതുക, വായിക്കുക, വീട്ടുകാര്യങ്ങൾ ചിന്തിക്കുക, അപ്പോഴും ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. ബാബയെ ഓർമ്മിക്കുന്നില്ലെങ്കിൽ വികർമ്മമെങ്ങനെ വിനാശമാകും.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനം ലഭിച്ചിരിക്കുന്നു, നിങ്ങൾ അരകൽപ്പത്തേക്ക്

പൂജ്യരായിക്കൊണ്ടിരിക്കുന്നു. അരകൽപം തമോപ്രധാന പൂജാരിയും പിന്നീട് അരകൽപം പൂജ്യ സതോപ്രധാനരുമാകുന്നു. ആത്മാവ് പരംപിതാ പരമാത്മാവുമായി യോഗം വയ്ക്കുന്നതിലൂടെ തന്നെയാണ് പവിഴമാകുന്നത്. ഓർമ്മിച്ചോർമ്മിച്ച് ഇരുമ്പ് യുഗത്തിൽ നിന്ന് സ്വർണ്ണിമയുഗത്തിലേക്ക് എത്തിച്ചേരും. പതിത-പാവനനെന്ന് ഒരാളെ മാത്രമാണ് പറയുന്നത്. മുന്നോട്ട് പോകവെ നിങ്ങളുടെ ശബ്ദം പരക്കും. ഇത് എല്ലാ ധർമ്മങ്ങൾക്കും വേണ്ടിയുള്ളതാണ്. നിങ്ങൾ പറയുന്നുമുണ്ട് അതായത് ബാബ പറയുന്നു പതിത-പാവനൻ ഞാൻ മാത്രമാണ്. എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ പാവനമായി മാറും. ബാക്കി എല്ലാവരും കണക്കുകളെല്ലാം തീർത്ത് പോകും. എവിടെയെങ്കിലും സംശയമുണ്ടെങ്കിൽ ചോദിക്കാൻ സാധിക്കും. സത്യയുഗത്തിലുള്ളത് വളരെ കുറച്ച് പേർ മാത്രമായിരിക്കും. ഇപ്പോഴാണെങ്കിൽ അനേക ധർമ്മങ്ങളുണ്ട്. തീർച്ചയായും കണക്കുകളെല്ലാം വീണ്ടും ഇതുപോലെയാകും, പഴയത് പോലെ. വിസ്താരത്തിലേക്ക് എന്തിന് പോകണം. അറിയാം ഓരോരുത്തരും വന്ന് അവരവരുടെ വേഷം അഭിനയിക്കും. ഇപ്പോൾ എല്ലാവർക്കും തിരിച്ച് പോകണം എന്തുകൊണ്ടെന്നാൽ ഇവരെല്ലാവരും സത്യയുഗത്തിൽ ഉണ്ടായിരുന്നില്ല. ബാബ വരുന്നത് തന്നെ ഒരു ധർമ്മത്തിന്റെ സ്ഥാപനയും അനേക ധർമ്മങ്ങളുടെ വിനാശവും ചെയ്യുന്നതിനാണ്. ഇപ്പോൾ പുതിയ ലോകത്തിന്റെ സ്ഥാപന നടന്നു കൊണ്ടിരിക്കുന്നു. വീണ്ടും സത്യയുഗം തീർച്ചയായും വരും, ചക്രം തീർച്ചയായും കറങ്ങും. കൂടുതൽ ചിന്തയിലേക്ക് പോകരുത്, പ്രധാനപ്പെട്ട കാര്യം നമ്മൾ സതോപ്രധാനമാകുകയാണെങ്കിൽ ഉയർന്ന പദവി നേടും എന്നതാണ്. കുമാരിമാർക്ക് ഇതിൽ മുഴുകണം, കുമാരിമാർ സമ്പാദിച്ച് മാതാ-പിതാക്കൾ കഴിക്കാറില്ല. എന്നാൽ ഇന്ന് ദാരിദ്ര്യം വന്നിട്ടുണ്ടെങ്കിൽ കുമാരിക്കും സമ്പാദിക്കേണ്ടി വരുന്നു. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ഇപ്പോൾ പവിത്രമായി പവിത്ര ലോകത്തിന്റെ അധികാരിയാകണം. നമ്മൾ രാജയോഗികളാണ്, ബാബയിൽ നിന്ന് സമ്പത്ത് തീർച്ചയായും എടുക്കണം.

ഇപ്പോൾ നിങ്ങൾ പാണ്ഢവ സേനയുടേതായിരിക്കുന്നു. തന്റെ സേവനങ്ങൾ ചെയ്തുകൊണ്ടും ഈ ചിന്ത ഉണ്ടായിരിക്കണം, നമുക്ക് പോയി എല്ലാവർക്കും വഴി പറഞ്ഞ് കൊടുക്കണം. എത്രത്തോളം ചെയ്യുന്നോ, അത്രയും ഉയർന്ന പദവി നേടും. ബാബയോട് ചോദിക്കാൻ സാധിക്കും ഈ അവസ്ഥയിൽ മരിച്ച് പോകുകയാണെങ്കിൽ എനിക്ക് എന്ത് പദവി ലഭിക്കും? ബാബ പെട്ടെന്ന് തന്നെ പറഞ്ഞ് തരും. സേവനം ചെയ്യുന്നില്ല അതുകൊണ്ട് സാധാരണ വീട്ടിൽ പോയി ജന്മമെടുക്കും. വീണ്ടും വന്ന് ജ്ഞാനമെടുക്കും എന്നാലും ബുദ്ധിമുട്ടാണ് എന്തുകൊണ്ടെന്നാൽ ചെറിയ കുട്ടിക്ക് ഇത്രയും ജ്ഞാനമെടുക്കാൻ സാധിക്കില്ല. ബാക്കി 2-3 വർഷമേ ഉള്ളൂവെന്ന് കരുതൂ എങ്കിൽ എന്ത് പഠിക്കാൻ സാധിക്കും? ബാബ പറഞ്ഞ് തരും നിങ്ങൾ ഏതെങ്കിലും ക്ഷത്രിയ കുലത്തിൽ പോയി ജന്മമെടുക്കും. അവസാനം കഷ്ടിച്ച് ഡബിൾ കിരീടം ലഭിക്കും. സ്വർഗ്ഗത്തിന്റെ പൂർണ്ണമായ സുഖം നേടാൻ സാധിക്കില്ല. ആരാണോ പൂർണ്ണമായ സേവനം ചെയ്യുന്നത്, പഠിക്കുന്നത് അവരാണ് പൂർണ്ണമായ സുഖം നേടുക. നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച്. ഈ ചിന്ത ഉണ്ടായിരിക്കണം-ഇപ്പോൾ ആകുന്നില്ലെങ്കിൽ കൽപ-കൽപം ആകാൻ സാധിക്കില്ല. ഓരോരുത്തർക്കും സ്വയം അറിയാൻ സാധിക്കും, ഞാൻ എത്ര മാർക്കോടെ പാസ്സാകും. എല്ലാം വെളിപ്പെടുന്നു പിന്നീട് ഭാവിയെന്ന് പറയും. ഉള്ളിൽ ദുഃഖം ഉണ്ടായിരിക്കില്ലേ. ഇരുന്നിരുന്ന് നമ്മൾ എന്തായി! ഇരുന്നിരുന്ന് മനുഷ്യർ മരിച്ചും പോകുന്നുണ്ട്, അതുകൊണ്ട് ബാബ പറയുന്നു അലസരാകരുത്. പുരുഷാർത്ഥം ചെയ്ത് പതിതത്തിൽ നിന്ന് പാവനമായിക്കൊണ്ടിരിക്കൂ, വഴി പറഞ്ഞ് കൊടുത്തുകൊണ്ടിരിക്കൂ. ഏതെങ്കിലും മിത്ര സംബന്ധികളുണ്ടെങ്കിൽ അവരിൽ ദയയുണ്ടാകണം. കാണുന്നുണ്ട് ഇവർക്ക് വികാരം കൂടാതെ, മോശമായത് കഴിക്കാതെ ജീവിക്കാൻ സാധിക്കുന്നില്ല, എന്നാലും മനസ്സിലാക്കി കൊടുത്തുകൊണ്ടേയിരിക്കണം. അംഗീകരിക്കുന്നില്ലെങ്കിൽ മനസ്സിലാക്കൂ നമ്മുടെ കുലത്തിലേതല്ല. പരിശ്രമിച്ച് ഭാര്യവീടിന്റേയും, ഭർതൃവീടിന്റേയും മംഗളം ചെയ്യണം. ഇവർ ഞങ്ങളോട് സംസാരിക്കുന്നു പോലുമില്ല, മുഖം തിരിച്ചു ഇങ്ങനെ പറയുന്ന തരത്തിലുള്ള പെരുമാറ്റവും ഉണ്ടാകരുത്. അത് പാടില്ല, എല്ലാവരുമായി ചേരണം. നമുക്ക് അവരുടെയും മംഗളം ചെയ്യാമല്ലോ. വളരെ ദയാഹൃദയരാകണം. നമ്മൾ സുഖത്തിലേക്ക് പോകുകയാണെങ്കിൽ മറ്റുള്ളവർക്കും വഴി പറഞ്ഞ് കൊടുക്കണം. അന്ധരുടെ ഊന്നുവടി നിങ്ങളല്ലേ. പാടുന്നുണ്ട് അന്ധരുടെ വഴികാട്ടിയാണ് നീ. കണ്ണുകളാണെങ്കിൽ എല്ലാവർക്കുമുണ്ട് എന്നിട്ടും വിളിക്കുന്നു എന്തുകൊണ്ടെന്നാൽ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രമില്ല. സുഖ-ശാന്തിയുടെ വഴി പറഞ്ഞ് തരുന്നത് ഒരേഒരു ബാബ മാത്രമാണ്. ഇതിപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. മുൻപ് ഒന്നും അറിയില്ലായിരുന്നു. ഭക്തി മാർഗ്ഗത്തിൽ എത്ര മന്ത്രങ്ങളാണ് ജപിക്കുന്നത്. രാമ-രാമാ എന്ന് പറഞ്ഞ് മത്സ്യങ്ങളെ കഴിപ്പിക്കുന്നു, ഉറുമ്പുകളെ കഴിപ്പിക്കുന്നു. ഇപ്പോൾ ജ്ഞാന മാർഗ്ഗത്തിൽ ഒന്നും തന്നെ ചെയ്യേണ്ട ആവശ്യമില്ല. പക്ഷികൾ ധാരാളം മരിക്കുന്നുണ്ട്. ഒരൊറ്റ കൊടുങ്കാറ്റടിച്ചാൽ എത്രയാണ് മരിക്കുന്നത്. പ്രകൃതി ദുരന്തങ്ങൾ ഇപ്പോൾ വളരെ ശക്തിയോടെ വരും. ഈ റിഹേർസൽ

നടന്നുകൊണ്ടിരിക്കും. ഇതെല്ലാം വിനാശമാകുക തന്നെ വേണം. ഉള്ളിൽ തോന്നുന്നുണ്ട് ഇപ്പോൾ നമ്മൾ സ്വർഗ്ഗത്തിലേക്ക് പോകും. അവിടെ നമ്മുടെ ഒന്നാതരം കൊട്ടാരമുണ്ടാക്കും, എങ്ങനെയാണോ കൽപം മുൻപ് ഉണ്ടാക്കിയത്. കൽപം മുൻപ് എന്താണോ ഉണ്ടാക്കിയിട്ടുള്ളത് അത് തന്നെയാണ് വീണ്ടും ഉണ്ടാക്കുക. ആ സമയം അത് ബുദ്ധിയിൽ വരും. അതിന്റെ ചിന്ത ഇപ്പോൾ എന്തിന് ചെയ്യണം, അതിലും ഉപരി ബാബയുടെ ഓർമ്മയിലിരിക്കണം. ഓർമ്മയുടെ യാത്രയെ മറക്കരുത്. കൊട്ടാരം കൽപം മുൻപത്തേത് പോലെ തന്നെ ഉണ്ടാക്കും. എന്നാൽ ഇപ്പോൾ ഓർമ്മയുടെ യാത്രയുടെ കടമ നിറവേറ്റണം ഒപ്പം വളരെ സന്തോഷത്തിൽ കഴിയണം നമുക്ക് അച്ഛനെയും, ടീച്ചറെയും, സത്ഗുരുവിനെയും ലഭിച്ചിരിക്കുന്നു. ഈ സന്തോഷത്തിൽ രോമാഞ്ചമുണ്ടാകണം. നിങ്ങൾക്കറിയാം നമ്മൾ വന്നിരിക്കുന്നത് തന്നെ അമരപുരിയുടെ അധികാരിയാകാനാണ്. ഈ സന്തോഷം സ്ഥായിയായി ഉണ്ടായിരിക്കണം. ഇവിടെ ഉണ്ടായിരിക്കണം അപ്പോൾ അവിടെ 21 ജന്മത്തേക്ക് സ്ഥായിയാകും. വളരെ പേരെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ തന്റെ ഓർമ്മയും വർദ്ധിക്കും. പിന്നീട് ഓർമ്മ ശീലമാകും. അറിയാം ഇപ്പോൾ ഈ അപവിത്ര ലോകത്തിന് തീ പിടിക്കണം. ഈ മുഴുവൻ ലോകവും സമാപ്തമാകും- ഈ ചിന്ത നിങ്ങൾ ബ്രാഹ്മണർക്ക് മാത്രമാണുള്ളത്. സത്യയുഗത്തിൽ ഇതൊന്നും തന്നെ അറിയില്ല. ഇപ്പോൾ അവസാനമാണ്, നിങ്ങൾ ഓർമ്മയ്ക്കുവേണ്ടി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) പതിതത്തിൽ നിന്ന് പാവനമാകുന്നതിനുള്ള പുരുഷാർത്ഥത്തിൽ അലസരാകരുത്. ഏതെങ്കിലും മിത്ര സംബന്ധി മുതലായവരുണ്ടെങ്കിൽ അവരിൽ ദയ കാണിച്ച് മനസ്സിലാക്കി കൊടുക്കണം, ഉപേക്ഷിക്കരുത്.

2) ആരും ഇവർ മുഖം തിരിച്ചു എന്ന് പറയുന്ന തരത്തിലുള്ള പെരുമാറ്റമുണ്ടാകരുത്. ദയാഹൃദയരായി എല്ലാവരുടെയും മംഗളം ചെയ്യണം. മറ്റെല്ലാ ചിന്തകളും ഉപേക്ഷിച്ച് ഒരു ബാബയുടെ ഓർമ്മയിൽ കഴിയണം

## വരദാനം: - സത്യത, സ്വച്ഛത, നിർഭയതയുടെ ആധാരത്തിലൂടെ പ്രത്യക്ഷത ചെയ്യുന്ന രമത യോഗിയായി ഭവിക്കട്ടെ.

പരമാത്മ പ്രത്യക്ഷതയുടെ ആധാരം സത്യതയാണ്. സത്യതയുടെ ആധാരം സ്വച്ഛതയും നിർഭയതയുമാണ്. ഏതെങ്കിലും പ്രകാരത്തിലുള്ള അസ്വച്ഛത അർത്ഥം സത്യതയുടെയും സഭ്യതയുടെയും കുറവ് ഉണ്ടെങ്കിൽ, അതോ സ്വന്തം തമോഗുണി സംസ്കാരങ്ങളുടെ മേൽ വിജയിയാകുന്നതിൽ, സംസ്കാരം ചേർക്കുന്നതിൽ, അതോ വിശ്വസേവനത്തിന്റെ ക്ഷേത്രത്തിൽ തന്റെ സിദ്ധാന്തങ്ങൾ സിദ്ധമാകുന്നുന്നതിൽ ഭയം ഉണ്ടാകുന്നെങ്കിൽ പ്രത്യക്ഷത ഉണ്ടാകുകയില്ല, അതിനാൽ സത്യതയും നിർഭയതയും ധാരണ ചെയ്ത് ഒരേ ഈണത്തിൽ മുഴുകിയിരിക്കുന്ന രമത യോഗിയായി (ചുറ്റി സഞ്ചരിക്കുന്ന യോഗി), സഹജയോഗി ആകുകയാണെങ്കിൽ സഹജമായി അന്തിമ പ്രത്യക്ഷത ഉണ്ടാകും.

## സ്ലോഗൻ: - പരിധിയില്ലാത്ത ദൃഷ്ടിയുടെയും വൃത്തിയുമാണ് ഏകതയുടെ ആധാരം അതിനാൽ പരിധിയുള്ളതിലേക്ക് പോകരുത്.

**അവ്യക്ത സൂചന- അശരീരിയുടെയും വിദേഹി സ്ഥിതിയുടെയും അഭ്യാസം വർധിപ്പിക്കൂ.**
അശരീരി ആകുന്നത് വയർലെസ് സെറ്റാണ്. നിർവ്വികാരിയാകുന്നതാണ് വയർലെസ്സ് സെറ്റിന്റെ ക്രമീകരണം. അംശത്തിന്റെയും അംശമാത്രം പോലും വികാരം വയർലെസ്സ് സെറ്റിനെ നശിപ്പിക്കും, അതിനാൽ ഇപ്പോൾ കർമ്മബന്ധത്തിൽ നിന്ന് കർമ്മയോഗിയാകൂ. അനേക ബന്ധനങ്ങളിൽ നിന്ന് മുക്തമായി ഒരു ബാബയുടെ സംബന്ധത്തിൽ മനസിലാക്കിയാൽ സദാ എവർറെഡിയായി ആയിരിക്കും. ചെക്ക് ചെയ്യൂ ഉള്ളിൽ യാതൊരു വികാരങ്ങളും ഒളിച്ചിരിക്കുന്നില്ലല്ലോ?